"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കൃഷി വകുപ്പിൽ നിന്നും പുനർവിന്യസിച്ചിരുന്ന ക്ലാർക്ക്, ശ്രീ അബ്ദുൾ റസാഖ് സി -യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം ശ്രീ സുബാഷ് ബാബു എം എ-യെ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1538/2023/LSGD തീയതി,തിരുവനന്തപുരം, 27-07-2023**

---

പരാമർശം:- 1. 04/01/2023-ലെ CRD/4873/2022-Estt-C4 നമ്പർ കത്ത്.
2. 12/05/2023-ലെ ADFW/1785/2020-SA4 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ അബ്ദുൾ റസാഖ് സി, മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യവുമായി സമർപ്പിച്ച അപേക്ഷ പരാമർശം (1) പ്രകാരം ഡയറക്ടർ എൽഎസ്ജിഡി (റൂറൽ) തുടർനടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ടിയാനെതിരെ വിജിലൻസ് അന്വേഷണങ്ങളോ മറ്റു നടപടിക്രമങ്ങളോ നിലവിലില്ല എന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ അബ്ദുൾ റസാഖ് സി -യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിന് പകരം തൊടുപുഴ കൃഷി അസിസ്റ്റന്റ് ഡയറക്ടറേറ്റിലെ ജൂനിയർമോസ്റ്റ് ക്ലർക്കായ ശ്രീ സുബാഷ് ബാബു എം എ-യുടെ അപേക്ഷ പരിഗണിക്കുവാൻ പരാമർശം (2) പ്രകാരം വകുപ്പ് മേധാവി ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി ബ്ലോക്കിൽ പുനർവിന്യാസ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ അബ്ദുൾ റസാഖ് സി -യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും തൊടുപുഴ കൃഷി അസിസ്റ്റന്റ് ഡയറക്ടറേറ്റിലെ ക്ലർക്കായ ശ്രീ സുബാഷ് ബാബു എം എ-യെ ടിയാന്റെ ഓപ്ഷൻ പരിഗണിച്ച് നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി റാന്നി ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
**ഡെപ്യൂട്ടിസെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.
ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്,തിരുവനന്തപുരം.
സെക്രട്ടറി/പ്രസിഡന്റ്, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്.
സെക്രട്ടറി/പ്രസിഡന്റ്, റാന്നി ബ്ലോക്ക് പഞ്ചായത്ത്.
ശ്രീ അബ്ദുൾ റസാഖ് സി, ക്ലർക്ക്, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്.(കൃഷി ഡയറക്ടർ മുഖേന)
ശ്രീ സുബാഷ് ബാബു എം എ, ക്ലർക്ക്, കൃഷി അസിസ്റ്റന്റ് ഡയറക്ടറേറ്റ്, തൊടുപുഴ.(കൃഷി ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, കേരള (ഓഡിറ്റ്), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Suja M
Date: 27-07-2023 12:04:18
സെക്ഷൻ ഓഫീസർ